പ്രത്യേക നിരീക്ഷണത്തിന് വിധേയമാക്കി കട പരിശോധന, വാഹന പരിശോധന തുടങ്ങിയ നടപടികൾ ഊർജ്ജിതപ്പെടുത്തുകയും റബ്ബറിന്റെ ഉൽപ്പാദനവും ഇതിന്മേലുള്ള വാറ്റ് ലഭ്യതയും തമ്മിലുള്ള കടുത്ത അന്തരം പരിഹരിക്കുന്നതിനായി റബ്ബർ ബോർഡുമായി സഹകരിച്ച് നികുതി വെട്ടിപ്പ് തടയാനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

മോട്ടോർ വാഹന വകുപ്പ് :

ടി വകുപ്പിൽ മേൽ പരാമർശിച്ച നികുതി വെട്ടിപ്പ് നടത്തുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ഇത്തരത്തിലുള്ള തട്ടിപ്പ് നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്.

പ്രാഥമിക സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സംവിധാനം

23(*353) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രാഥമിക സഹകരണ സംഘങ്ങളിൽ കോർബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സഹകരണ സംഘങ്ങളുടെ പ്രവർത്തന മേഖലയും ഇടപാടുകാരുടെ സൗകര്യവും കണക്കിലെടുത്ത് കോർബാങ്കിംഗിന് അനുയോജ്യമായ സംവിധാനം തെരഞ്ഞെടുക്കുന്നതിന് സംഘങ്ങൾക്കുള്ള സ്വാതന്ത്ര്യം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതിനായി സഹകരണ രജിസ്ട്രാറുടെ അനുമതി നിർബന്ധമാക്കുമോ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

(എ) സഹകരണ വായ്പാ മേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളെ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ കോർബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രധാനമായും കോർ ബാങ്കിംഗ് സൊല്യൂഷൻ, നെറ്റ് ബാങ്കിംഗ്, എ.ടി.എം., ആർ.ടി.ജി.എസ്., എൻ.ഇ.എഫ്.റ്റി. മുതലായ സേവനങ്ങൾ ഉൾപ്പെടുന്ന ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ പ്രാഥമിക സഹകരണ മേഖലയിൽ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി, ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ അംഗങ്ങൾക്കും പൊതു ജനങ്ങൾക്കും ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) നിലവിൽ സഹകരണ സംഘങ്ങളുടെ പ്രവർത്തന മേഖലയും ഇടപാടുകാരുടെ സൗകര്യവും കണക്കിലെടുത്ത് അനുയോജ്യമായ സംവിധാനം തെരഞ്ഞെടുക്കേണ്ടത് അതാത് സംഘം ഭരണ സമിതിയാണ്. പുതിയ പദ്ധതി നിലവിൽ വരുമ്പോൾ, പദ്ധതിക്കനുസൃതമായ സംവിധാനം സംഘങ്ങൾക്ക് തെരഞ്ഞെടുക്കാവുന്നതാണ്.

(ഡി) കോർബാങ്കിംഗ് നടപ്പിൽ വരുത്തുന്നതിന് പ്രത്യേക അനുമതി ആവശ്യമില്ല. എന്നാൽ ടി സംവിധാനങ്ങൾ നടപ്പിൽ വരുത്തുമ്പോൾ പൊതുഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ അനുമതി ആവശ്യമാണ്.

പൊതുമേഖലാ സ്ഥാപനങ്ങൾ

24(*354) ശ്രീ. എളമരം കരീം :

ശ്രീ. രാജു എബ്രഹാം :

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :

ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിക്കപ്പെട്ട ഒൻപത് പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; ഓരോന്നിനെ സംബന്ധിച്ചും വിശദമാക്കാമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിൽ സർക്കാരിന്റെ ഭാഗത്തുനിന്നുള്ള അവഗണന ഈ സ്ഥാപനങ്ങളെ പ്രതിസന്ധിയിലാക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിൽ സർക്കാർ വരുത്തുന്ന വീഴ്ചകൾ ഈ ഒൻപത് സ്ഥാപനങ്ങളടക്കം തകർച്ച നേരിടുന്നതിന് കാരണമാകുമെന്ന ആക്ഷേപത്തോട് നിലപാട് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly